
ബൈബിൾ ചിത്രകഥ

# സാവൂൾ



ബൈബിൾ ചിത്രകഥ-൧൦

# സാവൂൾ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# സാവൂൾ

ഇസ്രായേലിലെ ആദ്യത്തെ രാജാവാണ് ബെഞ്ചമിന്റെ ഗോത്രത്തിൽപ്പെട്ട കിഷിൻറെ മകനായ സാവൂൾ. ബി. സി. 1030 മുതൽ 1010 വരെ അദ്ദേഹം ഇസ്രായേലിനെ ഭരിച്ചു. സാവൂളിൻറെ രാജവാഴ്ചയെ വിവരിക്കാനായി ബൈബിൾ ഇരുപത്തിമൂന്ന് അധ്യായങ്ങൾ (1 സാമു. 9-31) മാറ്റി വച്ചിരിക്കുന്നു. ഈ വിവരണമാണ് കഥയുടെ ആധാരം.

ഇസ്രായേൽ ചരിത്രത്തിന്റെ നിർണായകമായൊരു നിമിഷത്തിലാണു സാവൂൾ രംഗപ്രവേശം ചെയ്യുന്നത്. അബ്രാഹത്തിന്റെ സന്തതികൾക്കു

ദൈവം വാഗ്ദാനം ചെയ്തതും ജോഷ്വായുടെ നേതൃത്വത്തിൽ അവർ പിടിച്ചടക്കിയതുമായ കാനാൻ ദേശം അവർക്കു നഷ്ടപ്പെടുമെന്ന അവസ്ഥ സംജാതമായി. സുസംഘടിതമായ സൈന്യവും മെച്ചപ്പെട്ട ആയുധവുമുള്ള ഫിലിസ്ത്യർ കാനാൻ കയ്യടക്കാൻ തുടങ്ങിയതോടെ ഒരു സ്വതന്ത്ര ജനത എന്ന നിലയിലുള്ള ഇസ്രായേലിന്റെ നിലനിൽപ്പുതന്നെ അപകടത്തിലായി. ന്യായാധിപസംവിധാനം ഫിലിസ്ത്യരെ തടഞ്ഞുനിർത്താൻ അപര്യാപ്തമായിരുന്നു.

ദൈവം തിരഞ്ഞെടുക്കുകയും പുരോഹിതനായ സാമുവേൽ അഭിഷേചിക്കുകയും ജനം അംഗീകരിക്കുകയും ചെയ്തപ്പോഴാണു സാവൂൾ രാജാവാ

യത്. പിതാവിന്റെ കഴുതകളെ തേടിയിറങ്ങിയ സാവൂൾ ആദ്യന്തം വിനീതനായ ഒരു മനുഷ്യനായിരുന്നു. സാമുവേലിൻറെ ഉപദേശം ശിരസാവഹിച്ചു കൊട്ടാരങ്ങൾ പണിയുകയും സ്വന്തമായി സ്വത്തു സമാഹരിക്കുകയും ചെയ്യുന്നതിൽനിന്ന് അദ്ദേഹം ഒഴിഞ്ഞുനിന്നു.

രാജാവായി അഭിഷേചിക്കപ്പെട്ടെങ്കിലും ജനത്തിൽ ഒരുവനെപ്പോലെ അദ്ദേഹം ജീവിച്ചു. രാജാഭിഷേകത്തിനു ശേഷവും നിലം ഉഴാൻ പോകുന്ന സാവൂൾ വിനീതമായ നേതൃത്വത്തിന്റെ മാതൃകയാണ്.

ധീരനായ യോദ്ധാവും ദീർഘവീക്ഷണമുള്ള നേതാവുമായിരുന്നു സാവൂൾ. ഒരുപറ്റം കൃഷിക്കാരും ഇടയന്മാരും ആയിരുന്ന ഇസ്രയേൽക്കാരിൽ നിന്നു ശക്തമായ ഒരു സൈന്യത്തെ അദ്ദേഹം വാർത്തെടുത്തു. ഫിലിസ്ത്യരുടെ മുന്നേറ്റത്തെ തടഞ്ഞുനിർത്തുക മാത്രമല്ല അവർ കയ്യടക്കിയിരുന്ന ദേശങ്ങൾ പിടിച്ചടക്കുകയും ഫിലിസ്ത്യർക്കു തന്നെ ഭീഷണിയാകത്തക്കവിധം ഇസ്രായേലിനെ ശക്തിപ്പെടുത്തുകയും ചെയ്തു. സ്വന്തം സുരക്ഷിതത്വം വകവയ്ക്കാതെ ശത്രുമധ്യത്തിലേക്ക് നിർഭയം കടന്നുചെന്നു പടവെട്ടിയ സാവൂൾ അണികളിൽ ധൈര്യവും ആത്മവിശ്വാസവും പകർന്നു. പരാജയം സുനിശ്ചിതമാണെന്നറിഞ്ഞിട്ടും ഒളിച്ചോടാതെ ശത്രുക്കളോടു പോരാടി മരിച്ചുവീണ സാവൂൾ സ്വന്തം

ജനത്തിനുവേണ്ടി ജീവനർപ്പിച്ച മഹാനായ വ്യക്തിയാണ്. തന്നെ ഏൽപ്പിച്ച ദൗത്യം അവസാനം വരെ അദ്ദേഹം നിറവേറ്റി.

ഇസ്രായേൽ ഗോത്രങ്ങളെ ഒരു ജനതയും രാഷ്ട്രവുമായി വളരാൻ ഒരുക്കിയതു സാവൂളായിരുന്നു. അദ്ദേഹം പാകിയ അടിത്തറയിലാണു ദാവീദും സോളമനും ഇസ്രായേൽ സാമ്രാജ്യം പടുത്തുയർത്തിയത്. എങ്കിലും സാവൂൾ ഒരു ദുരന്തകഥാനായകനാണ്. അദ്ദേഹം രംഗപ്രവേശം ചെയ്ത ചരിത്രമുഹൂർത്തം തന്നെയാണ് ഈ ദുരന്തത്തിനു പ്രധാന കാരണം. പുതിയ സാഹചര്യത്തെ നേരിടാൻ അപര്യാപ്തം എന്ന് തെളിഞ്ഞെങ്കിലും പിന്മാറാൻ വിസമ്മതിക്കുന്ന


പഴയ സമ്പ്രദായങ്ങളും ആവശ്യമെന്നു ബോധ്യപ്പെട്ടിട്ടും ശക്തമായി എതിർപ്പുകളെ നേരിടേണ്ടിവരുന്ന പുതിയ സംവിധാനവും തമ്മിലുള്ള സംഘട്ടനമാണ് പ്രഥമദൃഷ്ട്യാ സാവൂളിൻറെ ജീവിതത്തിൽ പ്രകടമാകുന്നത്.


ഗോത്ര ജീവിതത്തിന്റെ സ്വാതന്ത്ര്യത്തിൽനിന്നു രാജഭരണത്തിന്റെ കീഴിലേക്കു മാറാൻ ജനം ഒരുക്കമായിരുന്നില്ല. അഭിഷേകം ചെയ്ത സാമുവേൽതന്നെ അനുസരണക്കേടിൻറെ പേരിൽ അദ്ദേഹത്തെ പുറന്തള്ളി. മാത്രമല്ല, ദാവീദിനെ രാജാവായി അഭിഷേചിച്ചുകൊണ്ടു കലാപത്തിന് വഴിയൊരുക്കുകയും ചെയ്തു. യാഹ്വെ മാത്രം രാജാവ് എന്ന ഉന്നതാദർശവും പ്രായോഗിക

പ്രശ്നങ്ങളും തമ്മിൽ സാവൂളിന്റെ ഉള്ളിൽത്തന്നെ കാതലായ സംഘർഷമുണ്ടായി. സാമുവേലിൻറെ എതിർപ്പിനെ അതിജീവിക്കാനോ ജനത്തിന്റെ വിധേയത്വം പിടിച്ചുപറ്റാനോ അദ്ദേഹത്തിന് കഴിഞ്ഞില്ല. അധികാരം തൻറെ കൈകളിൽ നിന്ന് ചോർന്നുപോകുന്നതായി മനസ്സിലാക്കിയ സാവൂൾ സാവധാനം അസൂയയാൽ അന്ധനായി. അതിനീചമായ പുരോഹിതവധവും ദാവീദിനോടുള്ള അന്ധമായ ശത്രുതയും ജനത്തെ അദ്ദേഹത്തിൽ നിന്നു കൂടുതൽ അകറ്റി. ഇതു സാവൂളിൻറെ പതനത്തിനു മുഖ്യ കാരണമായി.

രക്ഷാചരിത്രത്തിൽ ഒരു മുന്നോടിയുടെ സ്ഥാനമാണ് സാവൂളിനുള്ളത്. മിശിഹായുടെ പ്രതീക

മായ ദാവീദിനു വഴിയൊരുക്കുകയും സമയമായപ്പോൾ മനസ്സായിട്ടല്ലെങ്കിലും വഴിമാറുകയും ചെയ്ത സാവൂൾ ഒരു വിധത്തിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ മുന്നോടിയായ സ്നാപകന്റെ പ്രതീകമാണ്.


ബെഞ്ചമിൻ ഗോത്രത്തിൽപ്പെട്ട കിഷ് എന്നൊരാൾ ഗിബെയാപ്പട്ടണത്തിൽ വസിച്ചിരുന്നു. ധനികനായ ആ കർഷകൻറെ കഴുതകൾ ഒരു ദിവസം കാണാതായി. കിഷിൻറെ മകനായ സാവൂൾ സേവകനോടൊപ്പം കഴുതകളെ തേടി പുറപ്പെട്ടു. ഇസ്രായേൽ ശ്രേഷ്ഠന്മാർ രാജാവിനെ വാഴിക്കാൻ ആവശ്യപ്പെട്ടതിൻറെ ഏതാനും ദിവസങ്ങൾക്കുശേഷമാണ് ഇതു സംഭവിച്ചത്.
അന്വേഷണം നിർത്തി നമുക്കു തിരിച്ചുപോകാം. വീട്ടിലുള്ളവർ കഴുതയുടെ കാര്യം വിട്ടു നമ്മളെയോർത്തു വിഷമിക്കാൻ തുടങ്ങിക്കാണും.
ഒരു കാര്യത്തിനിറങ്ങിത്തിരിച്ചിട്ടു വെറും കയ്യോടെ മടങ്ങിപ്പോകുന്നതു മോശമല്ലേ? ഈ നാട്ടിൽ ഒരു സിദ്ധനുണ്ടെന്നു കേട്ടിട്ടുണ്ട്. നമുക്ക് അയാളെ കണ്ടു ചോദിക്കാം.
!


സിദ്ധനു കാഴ്ചകൊടുക്കാൻ നമ്മുടെ കൈവശം ഇനി ഒന്നുമില്ലല്ലോ.
എൻറെ കയ്യിൽ കാൽ ഷെക്കലിൻറെ ഒരു നാണയമുണ്ട്. കഴുതയുടെ കാര്യത്തിന് അതു ധാരാളം മതിയാവും.
!!


ഇവിടെ എവിടെയോ ഒരു സിദ്ധനുണ്ടല്ലോ. അദ്ദേഹത്തെ നിങ്ങൾ അറിയുമോ?
സിദ്ധനോ? ഓ! സാമുവേൽ പ്രവാചകൻറെ കാര്യമായിരിക്കും പറയുന്നത്. അദ്ദേഹമിന്നു പട്ടണത്തിൽ വന്നിട്ടുണ്ട്. മിക്കവാറും മലമുകളിൽ കാണും.
!!


സാമുവേൽ പ്രവാചകനെ ഒന്നു കാണിച്ചു തരാമോ? ഞങ്ങൾ അങ്ങു ഗിബെയായിൽ നിന്നു വരികയാണ്.
അതു ഞാൻ തന്നെയാണ്.
!!



സാവൂൾ വന്നതിൻറെ തലേ രാത്രി അവനെക്കുറിച്ചു സാമുവേലിന് കർത്താവിൻറെ അരുളപ്പാടു ലഭിച്ചിരുന്നു.
മൂന്നു ദിവസം മുമ്പു നഷ്ടപ്പെട്ട കഴുതകളെ ഇനി നിങ്ങൾ തിരയേണ്ട. അവയെ കണ്ടുകിട്ടിക്കഴിഞ്ഞു. ഇന്നു നിങ്ങൾ എൻറെ കൂടെ താമസിക്കണം. നാളെ രാവിലെ മടങ്ങിപ്പോകാം.


പിറ്റേന്നു പ്രഭാതത്തിൽ
സാവൂൾ, നീ ഇവിടെ അല്പനേരം നില്ക്കൂ. ഭൃത്യൻ നടന്നുകൊള്ളട്ടെ.
!
?!


കർത്താവു തൻറെ ജനത്തിൻറെ ഭരണാധിപനായി നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. ശത്രുക്കളിൽനിന്നു നീ അവരെ രക്ഷിക്കണം.
ഗുരോ, ഇസ്രായേലിൽ ഏറ്റം നിസ്സാരമാണ് എൻറെ ഗോത്രവും കുടുംബവും. ഈ ബഹുമതിക്കു ഞാനർഹനല്ല.


കുടുംബത്തിൻറെ വലുപ്പം നോക്കി
യല്ല കർത്താവു തിരഞ്ഞെടുക്കുന്നത്.
നീ പോകുന്ന വഴിക്കു മൂന്നുപേരെ
കണ്ടുമുട്ടും. അവരിൽ ഒരുവൻ
മൂന്ന് ആട്ടിൻകുട്ടികളെ
എടുത്തിരിക്കും.


രണ്ടാമൻ്റെ കയ്യിൽ മൂന്നപ്പവും മൂന്നാമൻ്റെ കയ്യിൽ ഒരു തോൽക്കുടം വീഞ്ഞും ഉണ്ടായിരിക്കും. അവർ നിനക്കു രണ്ടപ്പം തരും. അതു നീ വാങ്ങണം.



നീ ഗിബെയായിലുള്ള മലയിൽ എത്തുമ്പോൾ പ്രവാചകന്മാർ വാദ്യമേളങ്ങളുമായി വരും. കർത്താവിൻറെ ആത്മാവു നിൻറെമേൽ വരും. അപ്പോൾ നിനക്കുചിതമെന്നു തോന്നുന്നതു ചെയ്യുക.
!?


സാമുവേൽ പ്രവചിച്ചതുപോലെ സംഭവിച്ചു. പ്രവാചകഗണത്തെ കണ്ടപ്പോൾ സാവൂളിൽ ദൈവത്തിൻറെ ആത്മാവു ശക്തമായി ആവസിച്ചു. അവൻ ഒരു പുതിയ മനുക്ഷ്യനായി മാറി.
ഹല്ലേലുയ്യാ......ഹല്ലേലു ...ഹല്ലേൽ...ഹൽ ...ഹൽ.... ഹ...ഹ.....


ഇതാ കിഷിൻറെ
മകൻ സാവൂളല്ലേ?
ഇയാൾക്കെന്തുപറ്റി?
സാവൂളും
പ്രവാചകനായോ?
?


സാവൂളിനെ അന്വേഷിച്ചിറങ്ങിയ പിതൃസഹോദരൻ അവിടെയെത്തി.
നീ ഈ ദിവസമെല്ലാം എവിടെയായിരുന്നു? കഴുതകളെ കണ്ടുകിട്ടി. നിന്നെ കാണാതെ എല്ലാവരും വിഷമിച്ചിരിക്കുന്നു.
ഞങ്ങൾ തിരയാത്ത സ്ഥലമില്ല. അവസാനം സാമുവേൽ പ്രവാചകൻറെയടുത്തുവരെ പോയി.
അദ്ദേഹം എന്തു പറഞ്ഞു?
കഴുതകളെ കിട്ടിയെന്നു മാത്രം
!!



സാമുവേൽ പറഞ്ഞതനുസരിച്ച് ഇസ്രായേൽ ജനം മിസ്‌പായിൽ ഒരുമിച്ചു കൂടി.
മർക്കടമുഷ്ടിക്കാരായ നിങ്ങൾക്കു കർത്താവ് ഇന്ന് ഒരു രാജാവിനെ തരും. നറുക്കെടുക്കാൻ ഗോത്രത്തലവന്മാർ മുന്നോട്ടു വരട്ടെ.
!!


ബഞ്ചമിൻ ഗോത്രത്തിലെ കിഷിൻറെ മകൻ സാവൂളിനു നറുക്കു വീണിരിക്കുന്നു.
!


കർത്താവു തൻറെ ജനത്തിൻറെ രാജാവായി ഇന്നു നിന്നെ വാഴിച്ചിരിക്കുന്നു. അവിടത്തെ കൽപനകൾ നീ ശ്രദ്ധാപൂർവം പാലിക്കണം.
!


രാജാവു നീണാൾ വാഴട്ടെ.
കിഷിൻ്റെ മകൻ സാവൂൾ ജയിക്കട്ടെ.
ഫിലിസ്ത്യർ ഭയന്നു വിറയ്ക്കട്ടെ.
!!
!?@#*


സാവൂൾ, ജനത്തെ ശത്രുക്കളിൽനിന്നു സംരക്ഷിക്കാനും നീതിയായി ഭരിക്കാനും വേണ്ടിയാണു കർത്താവു നിന്നെ തിരഞ്ഞെടുത്തത്. പാവങ്ങൾക്കു നീ പ്രത്യേക സംരക്ഷണം നൽകണം.
അങ്ങു പറയുന്നതനുസരിച്ചു ഞാൻ പ്രവർത്തിക്കും.


നിനക്കായി നീ സ്വത്തു സമ്പാദിക്കരുത്. അരമനയും മാളികകളും പണിയരുത്. ജനത്തിനു നീ പിതാവായിരിക്കണം.


സാമുവേൽ വിടവാങ്ങുന്നു.
നിങ്ങൾ ചോദിച്ചതെല്ലാം ഞാൻ ചെയ്തുതന്നു. ഞാൻ നിങ്ങളിൽ ആരെയെങ്കിലും വഞ്ചിക്കുകയോ ഞെരുക്കുകയോ ആരിൽനിന്നെങ്കിലും കൈക്കൂലി വാങ്ങുകയോ ചെയ്തിട്ടുണ്ടോ?
ഇല്ല. അങ്ങു നീതിയായിട്ടാണ് ഞങ്ങളെ ഭരിച്ചത്.
ഞാൻ കുറ്റമറ്റവനാണെന്നു നിങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്നാൽ നിങ്ങൾ വലിയ കുറ്റമാണു ചെയ്തിരിക്കുന്നത്.
!!!


രാജാവിനെ ചോദിക്കുക വഴി നിങ്ങൾ കർത്താവിനെ തിരസ്ക്കരിക്കുകയായിരുന്നു. എന്നാലും കർത്താവു നിങ്ങളെ ഉപേക്ഷിക്കുകയില്ല. പൂർണ്ണഹൃദയത്തോടെ അവിടുത്തെ അന്വേഷിക്കുവിൻ.
!!



സമ്മേളനം കഴിഞ്ഞു ജനം പിരിഞ്ഞു പോയി. സാവൂൾ തൻറെ വീട്ടിലേക്കു മടങ്ങി. ഏകദേശം ഒരു മാസം കഴിഞ്ഞ്.
നിങ്ങൾ ആരാണ്? എവിടെനിന്നു വരുന്നു?
അങ്ങു വടക്കു യാബെഷ് ഗിലെയാദിൽ നിന്നാണു ഞങ്ങൾ വരുന്നത്. അമ്മോൻ രാജാവ് ഞങ്ങൾക്കെതിരേ പാളയമടിച്ചിരിക്കുന്നു.
?
ഞങ്ങൾ സന്ധിക്ക് അപേക്ഷിച്ചു. അവർ സമ്മതിച്ചു.



പിന്നെ എന്തിനിങ്ങോട്ടു വന്നു?
സന്ധിയുടെ വ്യവസ്ഥ കേൾക്കേണ്ടേ? പട്ടണത്തിലെ എല്ലാവരുടെയും വലതുകണ്ണ് ചുഴന്നു കൊടുക്കണം.
!?


ഞങ്ങൾക്ക് ഏഴുദിവസത്തെ അവധി തന്നിട്ടുണ്ട്.
നിങ്ങൾ സമാധാനമായി പ്പോകുവിൻ. കർത്താവു നിങ്ങളെ രക്ഷിക്കും.


സാവൂൾ തൻറെ കാളകളെ വെട്ടിനുറുക്കി ദൂതന്മാർ വഴി ഇസ്രായേൽ ദേശത്തെല്ലാം കൊടുത്തയച്ചു.




നാളെ അമ്മോന്യർക്കെതിരേ യുദ്ധം ചെയ്യാൻ വരാത്തവരുടെ കാള കളോടു സാവൂൾ രാജാവ് ഇപ്രകാരം ചെയ്യുന്ന തായിരിക്കും.
???!


വലിയൊരു ജനക്കൂട്ടം സാവൂളിൻറെ പിന്നിൽ അണിനിരന്നു.
യാബെഷ് ഗിലെയാദിലെ നമ്മുടെ സഹോദരങ്ങളെ അമ്മോന്യർ പട്ടണത്തിൽ അടച്ചിട്ടിരിക്കുന്നു. നാളെ കഴിഞ്ഞാൽ അവരെല്ലാം കൊല്ലപ്പെടും. ഇവിടെനിന്ന് അമ്പതു നാഴിക ദൂരമുണ്ട്. അതിശീഘ്രം നമ്മൾ പാഞ്ഞുചെല്ലണം.


അതേസമയം യാബെഷ് ഗിലയാദിൽ.
ഇന്ന് ഏഴാം ദിവസമാണ്. നിങ്ങൾ സന്ധി ചെയ്യുന്നോ ഇല്ലയോ?
നാളെ രാവിലെ ഞങ്ങൾ വാതിൽ തുറന്നു പുറത്തുവരാം. നിങ്ങൾക്കിഷ്ടമുള്ളതു ചെയ്തുകൊള്ളുവിൻ.
??
!?


ഇസ്രായേൽ സൈന്യം ജോർദാൻ നദി കടക്കുന്നു.
മടിച്ചുനിൽക്കാതെ നദി നീന്തി കടക്കുവിൻ. നേരം പുലരാൻ അധികസമയമില്ല.
!!!!


സാവൂൾ തൻറെ സൈന്യത്തെ മൂന്നു വിഭാഗങ്ങളായി തിരിച്ചു.
ഞാൻ കാഹളം മുഴക്കുമ്പോൾ ഒരുമിച്ച് ആക്രമിക്കണം.
!!!


ഉച്ചയായപ്പോഴേക്കും ഇസ്രായേൽ സൈന്യം യുദ്ധം ജയിച്ചു.
സാവൂൾ രാജാവു നീണാൾ വാഴട്ടെ.
നമുക്ക് രാജാവിനെത്തന്ന കർത്താവു വാഴ്ത്തപ്പെടട്ടെ.
നമുക്കൊരു രാജാവുണ്ടെന്നു ശത്രുക്കൾ അറിയട്ടെ.


യുദ്ധം ജയിച്ചു മടങ്ങുന്നവഴി സാവൂൾ മകൻ ജോനാഥനോട്.
ജോനാഥൻ, ആയിരം പടയാളികളുമായി നീ ഗിബെയായിലേക്കു നീങ്ങുക. ബാക്കി സൈന്യവുമായി ഞാൻ ഗിൽഗാലിലേക്കു പോകുന്നു. വഴിമദ്ധ്യേ ഫിലിസ്ത്യരുമായി യുദ്ധത്തിനു പോകരുത്.
!
ഫിലിസ്ത്യരുടെ കോട്ടയായ ഗേബാ ഞാൻ പോകേണ്ട വഴിക്കാണ്. അവർ ആക്രമിക്കാൻ വന്നാലോ?


ഒഴിഞ്ഞുമാറി വേറെ വഴിക്കു യാത്ര തുടരണം. ഗിൽഗാഗിലെ ബലിയർപ്പണം കഴിഞ്ഞു ഞാൻ ഗിബെയായിൽ എത്താം.


ഞാൻ അങ്ങോട്ടു ചെന്നാക്രമിക്കുകയില്ല. എന്നാൽ പേടിച്ചോടുകയുമില്ല.
?!


സാവൂൾ ഗിൽഗാഗിൽ
ഏഴു ദിവസമായി നമ്മളിവിടെ കാത്തു കഴിയുന്നു. ഇനിയും ബലിയർപ്പിച്ചിട്ടു യാത്ര തുടരാറായില്ലേ?
സാമുവേൽ പ്രവാചകൻ ഇന്നുവന്നു ബലിയർപ്പിക്കാമെന്നാണു പറഞ്ഞിരിക്കുന്നത്.
അപ്പോഴേക്കും ഗിബെയായിൽ ഇസ്രായേൽക്കാർ മിച്ചമുണ്ടാവില്ല.
!?



ഗിബെയായോ? എന്തു സംഭവിച്ചു?
ഗിബെയായിൽ നിന്നുവന്ന ഇവർ തന്നെ പറയട്ടെ.
!!


കുമാരൻ ജോനാഥൻ ഗേബായിലെ ഫിലിസ്ത്യ സൈന്യവുമായി ഏറ്റുമുട്ടി.
എന്നിട്ട്?


ആ യുദ്ധത്തിൽ നമുക്കായിരുന്നു വിജയം. എന്നാൽ കാനാനിലെ ഫിലിസ്ത്യരെല്ലാം ഒന്നുചേർന്നു.
അവർ വീണ്ടും ആക്രമിച്ചോ? കുമാരൻ സുരക്ഷിതനോ?
!


കുമാരന് ഒന്നും സംഭവിച്ചിട്ടില്ല. ഫിലിസ്ത്യർ ആക്രമിക്കാൻ പോകുന്നതേയുള്ളു. ആയിരക്കണക്കിനു രഥങ്ങളും എണ്ണമറ്റ കാലാൾപ്പടയും ഗിബെയായ്ക്കെതിരേ നീങ്ങുന്നു.


നമ്മളിവിടെ പ്രവാ
ചകനെയും കാത്തിരി
ക്കുമ്പോൾ നമ്മുടെ
മക്കളെ ഫിലിസ്ത്യർ
അരിഞ്ഞുവീഴ്ത്തും.
ഈ രാജാവിൻറെ
കൂടെ നിന്നിട്ടു
കാര്യമില്ല. വരിൻ
നമുക്കു പോകാം.
ബലിവസ്തു
ക്കൾ കൊണ്ടുവ
രുവിൻ.
!



സാവൂൾ ബലിയർപ്പിച്ചു കഴിഞ്ഞപ്പോൾ സാമുവേൽ എത്തി.
നിർത്തൂ നിൻറെ ബലിയർപ്പണം. രാജാവായതു പോരാഞ്ഞിട്ടു പൗരോഹിത്യംകൂടി കയ്യടക്കാമെന്നു കരുതിയോ?
!!
!!?


കർത്താവിനു ബലിയർപ്പിക്കാൻ നിനക്കാരാണ് അധികാരം തന്നത്?
അങ്ങുപറഞ്ഞ ദിവസംവരെ ഞാൻ കാത്തിരുന്നു. എണ്ണമറ്റ ഫിലിസ്ത്യസൈന്യം നമുക്കെതിരേ വരുന്നതായി ഞാനറിഞ്ഞു.


നമ്മുടെ സൈന്യത്തിൽത്തന്നെ പിളർപ്പുണ്ടായി. അനേകർ വിട്ടുപോയി. യുദ്ധം തുടങ്ങാൻ വൈകുന്നത് അപകടമാണെന്നു തോന്നി.
നീയും നിൻറെ സൈന്യവും! ഇസ്രായേലിൻറെ യുദ്ധം നയിക്കുന്നതും വിജയം നേടുന്നതും കർത്താവാണെന്നു നീ മറന്നു
!


ഗുരോ അങ്ങെന്നെ തെറ്റിദ്ധരിച്ചിരിക്കുന്നു. കർത്താവിൻറെ സഹായം തേടാനാണു ഞാൻ ബലിയർപ്പിച്ചത്.
?
അനുസരണം ബലിയേക്കാൾ വലുതാണെന്നു നിനക്കറിയില്ല അല്ലേ?



ഞാൻ ആരോടാണ് അനുസ
രണക്കേടു കാട്ടിയത്?
അങ്ങു പറഞ്ഞ സമയത്തു
വരാതിരുന്നത് ആരുടെ
കുറ്റമാണ്?
അനുസരണക്കേ
ടിൻറെ കൂടെ
ധിക്കാരവുമാ
യോ? രാജത്വം
നിന്നിൽനിന്നു
കർത്താവു
പിൻവലിച്ചിരി
ക്കുന്നു.
!!


തെറ്റു തെളിയിക്കാതെ കുറ്റം വിധിക്കുന്നതു ശരിയാണോ? ഞാൻ ചോദിച്ചിട്ടാണോ അങ്ങെന്നെ രാജാവായി അഭിഷേകം ചെയ്തത്?
കർത്താവിൻറെ ഹിതം അറിയാൻ കാത്തുനില്ക്കാതെ തന്നിഷ്ടം പ്രവർത്തിച്ചതാണു നിൻറെ കുറ്റം.
!!!
നമുക്കു പോകാം. ഇയാൾക്കു നമ്മെ നയിക്കാനോ രക്ഷിക്കാനോ കഴിവില്ല.
!!!



ഗുരോ, അങ്ങ് എന്നെ ഉപേക്ഷിച്ചു പോകരുത്.
!!!
?!
ഇപ്പോൾ കയ്യേറ്റവുമായോ? നിനക്കുപകരം ഉത്തമനായ ഒരുവനെ കർത്താവു തിരഞ്ഞെടുക്കും.
!


പടയാളികളിൽ അനേകം പേർ സാവൂളിനെ വിട്ടു പോയി. ഏകദേശം അറുന്നൂറുപേർ മാത്രം സാവൂളിനോടു കൂടെനിന്നു.
!?
!!
നമ്മൾ കുറച്ചു പേരേയുള്ളൂ എന്നുകരുതി നഷ്ടധൈര്യരാവരുത്. നമ്മുടെ നാടിനും കുടുംബാംഗങ്ങൾക്കും വേണ്ടിയാണു നാം പൊരുതുന്നത്.


ഞാൻ എന്തു തെറ്റാണു ചെയ്തത്? എൻറെ പിതാവിനേക്കാൾ ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത ഗുരു എന്തേ എന്നോടിത്ര പരുഷമായി പെരുമാറുന്നു.


ഫിലിസ്ത്യരുടെ വാളിനിരയാകുന്നതുവരെ ഞാൻ കാത്തു നില്ക്കണമായിരുന്നോ?



ഞാൻ കർത്താവിൽ വേണ്ടത്ര ആശ്രയിക്കാഞ്ഞിട്ടാണോ ഇങ്ങനെ ചിന്തിക്കുന്നത്? ഞാൻ ബലിയർപ്പിച്ചത് അവിവേകമായിപ്പോയോ?


ഗിബെയായിൽവച്ചു സാവൂൾ ഫിലിസ്ത്യരെ തോല്പ്പിച്ചു. അതേ സമയം സാമുവേൽ കർത്താവിൻറെ കല്പനയനുസരിച്ചു ബേത് ലഹെമിൽ എത്തി.
ഭയപ്പെടേണ്ട. ഞാൻ സമാധാന ബലിയർപ്പിക്കാൻ വന്നതാണ്. വൈകുന്നേരം എല്ലാവരും മലമുകളിൽ ഒരുമിച്ചുകൂടണം.
അങ്ങു സമാധാനമാണോ വളാണോ കൊണ്ടു വരുന്നത്?
!!


ബലിയർപ്പണത്തിനു ശേഷം എല്ലാവരും പിരിഞ്ഞു പോയപ്പോൾ ജെസ്സെയുടെ വീട്ടിൽവച്ച് അയാളുടെ ഇളയ പുത്രനായ ദാവീദിനെ സാമുവേൽ അഭിഷേകം ചെയ്തു.


ഫിലിസ്ത്യരുമായി നിരന്തരം യുദ്ധം നടന്നു. യുദ്ധത്തിൽ വിജയമുണ്ടായെങ്കിലും സാവൂളിൻറെ മനസ്സു നാൾക്കുനാൾ ദുർബ്ബലമായിക്കൊണ്ടിരുന്നു.
എന്താടാ ഇത് രക്തമോ?
യജമാനൻ എന്താണീ പറയുന്നത്? ഇസ്രായേലിലെ ഏറ്റവും വിശിഷ്ടമായ വീഞ്ഞാണിത്.
!!


എന്തു പറഞ്ഞെടാ, യജമാനനെന്നോ? യജമാനൻ - കിഷിൻറെ കഴുതയെ അന്വേഷിച്ചുപോയ സാവൂൾ - യജമാനൻ!
!!
!


ഹ....ഹ...ഹ... ഞാൻ യജമാനനല്ല - രാജാവാണ്, ഇസ്രായേലിൻറെ മഹാരാജാവ്.


ഹേയ് എൻറെ കഴുതകൾ എവിടെ? എത്ര ദിവസമായി ഞാൻ അവയെ തേടുന്നു?


ഹാവൂ, എൻ്റെ കഴു ത്തിൽനിന്നു വിടൂ. നീ ആരാണ്? സാമുവേലോ? ആരായാലും നിന്നെ ഞാൻ വകവരുത്തും.


യജമാനനെന്തോ കാര്യമായ രോഗം ബാധിച്ചിരിക്കുന്നു.
ഏയ്, രോഗമൊന്നുമല്ല. ഏതോ പ്രേതം ബാധിച്ചതാ.
!!
എന്തു പ്രേതം? അദ്ദേഹത്തിൻറെ ഭയമാ. അന്നു ഗിൽഗാലിലെ ബലിയർപ്പണം കഴിഞ്ഞപ്പോൾ തുടങ്ങിയതാണിത്.

സംഗീതം രാജാവിന് ആശ്വാസം നൽകും എന്ന് കരുതി സേവകർ ദാവീദിനെ വരുത്തി.




ആരാണിത്ര
മധുരമായി പാടുന്നത്?
കിന്നരം വായിക്കുന്ന
തല്ലേ അത്?


മകനേ, നിൻറെ പേരെന്താണ്? നിൻറെ സംഗീതം എനിക്കിഷ്ടമായി.
ബേത് ലഹെമിലെ ഒരാട്ടിടയനാണു ഞാൻ. ദാവീദ് എന്നാണ് എൻറെ പേര്.
ദാവീദ്, നീ ഇവിടെ എൻറെ കൂടെ താമസിക്കണം.
!!


ദാവീദിൻറെ ഗാന നൈപുണ്യവും യുദ്ധ സാമർത്ഥ്യവും സാവൂളിനിഷ്ടമായി. അവനെ തൻറെ ഒരു സേനാധിപനായി നിയമിച്ചു. പക്ഷെ, സാവധാനം അസൂയ തലപൊക്കി.
യജമാനനേ, നമ്മുടെ സൈന്യം വീണ്ടും ജയിച്ചു. ദാവീദ് എന്ന പേര് കേൾക്കുമ്പോൾ തന്നെ ഫിലിസ്ത്യർ ഭയന്നോടുകയാണ്.
അവനെ സർവ്വ സൈന്യാധിപനാക്കണം.
ജോനാഥൻ, നീ ഈ പറയുന്നതിൻറെ അർത്ഥമെന്താണെന്നു മനസ്സിലാകുന്നുണ്ടോ?
!


ഇത്ര നല്ലൊരു പോരാളി ഇന്നു ഇസ്രായേലിലില്ല. അവനെ ഞാൻ പ്രാണനു തുല്യം സ്നേഹിക്കുന്നു. അവൻ എന്നെയും.
എടാ കഴുതേ, നിനക്കു കിട്ടേണ്ട കിരീടം അവൻ തട്ടിയെടുക്കുമെന്നു നിനക്കറിയില്ലേ?
!!


വാസ്തവത്തിൽ അങ്ങേക്കു ശേഷം കിരീടം ധരിക്കാൻ അവനാണു യോഗ്യൻ.
അവനു പറ്റിയ കിരീടം ഞാൻ തന്നെ കൊടുക്കുന്നുണ്ട്.


ഇന്നിവനെ വകവരുത്തണം. ഇവൻ ജീവിച്ചിരിക്കുന്നത് എനിക്കും കുടുംബത്തിനും അപകടമാണ്. ഞാൻ സുബോധമില്ലാതെ ചെയ്തതാണെന്നു ജനം കരുതിക്കൊള്ളും.


സാവൂൾ കുന്തമെറിഞ്ഞപ്പോൾ ദാവീദ് ഒഴിഞ്ഞുമാറി.
അങ്ങെന്താണീ ചെയ്തത്.
!?
എൻറെ നേരെ വാളുമായി വന്നവനെ ഞാൻ ഭിത്തിയിൽ ചേർത്തു തറച്ചു. അത്ര തന്നെ.
?

സാവൂൾ തന്നെ കൊല്ലാൻ ഉറച്ചിരിക്കുന്നു എന്നു മനസിലാക്കിയ ദാവീദ് ഒളിച്ചോടി.




പുരോഹിത കുടുംബം മുഴുവൻ സാവൂളിൻറെ മുമ്പിൽ ഹാജരാക്കപ്പെട്ടു.
അഹിമെലെക്ക്, പുരോഹിതനാണെന്നു പറഞ്ഞു നീയും ദാവീദിൻറെ പക്ഷം ചേർന്ന് എന്നെ നശിപ്പിക്കാമെന്നു കരുതിയോ?
ദാവീദ് അങ്ങയുടെ അംഗരക്ഷകനല്ലേ? അങ്ങ് അവനെ വെറുക്കുന്നു എന്ന് ഞാനറിഞ്ഞിരുന്നില്ല.
നിർത്തൂ! ആരവിടെ. ഇവരുടെ തലവെട്ടൂ.
!!!?

തനിക്കു ചുറ്റുമുള്ളവരെല്ലാം തൻറെ ശത്രുക്കളാണെന്നു സാവൂൾ കരുതി. ഫിലിസ്ത്യരുമായി പടവെട്ടുന്നതിനു പകരം ദാവീദിനെ തേടിപ്പോകാനായി ശ്രമം മുഴുവനും.





എല്ലാവരും ഉറങ്ങിയപ്പോൾ ദാവീദ് ഗുഹയിൽ പ്രവേശിച്ചു സാവൂളിൻറെ തലയ്ക്കൽ നിന്നു കുന്തവും ഒരുകുടം വെള്ളവും എടുത്തുകൊണ്ടുപോയി.
പിറ്റേന്നു പ്രഭാതത്തിൽ
എൻറെ യജമാനനായ രാജാവേ, അങ്ങ് എന്തിനെന്നെ വേട്ടയാടുന്നു? അങ്ങയുടെ തലയ്ക്കലിരുന്ന കുന്തവും കുടവും എവിടെയെന്നു നോക്കൂ! ഞാൻ അങ്ങേക്ക് എതിരല്ലെന്ന് ഇനിയെങ്കിലും മനസിലാക്കുകയില്ലേ?
!?
!!!!



എൻറെ മകനേ, ദാവീദേ, നീ എന്നേക്കാൾ എത്രയോ നീതിമാൻ! ഇനി ഒരിക്കലും ഞാൻ നിന്നെ ഉപദ്രവിക്കാൻ വരുകയില്ല.
!!!


സാവൂളും സൈന്യവും മടങ്ങിപ്പോയി. ഫിലിസ്ത്യർ വീണ്ടും ഇസ്രായേലിനെതിരെ സൈന്യങ്ങളെ ഒരുക്കി.
യജമാനനേ, എണ്ണമറ്റ ഫിലിസ്ത്യസൈന്യം അഫെക്കിൽ അണിനിരന്നുകഴിഞ്ഞു. രഥചക്രങ്ങൾക്കിടയിൽ ഭൂമി കുലുങ്ങുന്നു.
അവരുടെ എണ്ണം കണ്ടു ഭയപ്പെടേണ്ട. കർത്താവ് അവരെ നമ്മുടെ കൈകളിൽ ഏൽപ്പിച്ചുതരും.
ഇല്ല ജോനാഥൻ. ഇത് നമ്മുടെ അവസാനത്തെ യുദ്ധമാണ്.


അന്നു രാത്രി
ഗുരോ,
എനിക്കു
വഴികാട്ടൂ!


നീ എന്തിനു ഇനിയും എന്നെ ശല്യപ്പെടുത്തുന്നു?


ഗുരോ, എനിക്കു ഭയമാകുന്നു. ഫിലിസ്ത്യർ നമ്മെ നശിപ്പിക്കാൻ പോകുന്നു. ഞാൻ എന്തു ചെയ്യണം?
കർത്താവിനെ ധിക്കരിച്ച നിൻറെ മേലുള്ള വിധി നാളെ നീ അറിയും.


പിറ്റേന്നു ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ ഇസ്രായേൽ
പരാജയപ്പെട്ടു. ജോനാഥനടക്കം സാവൂളിൻറെ മൂന്നു
പുത്രന്മാർ കൊല്ലപ്പെട്ടു. സാവൂളിനു മാരകമായ മുറിവേറ്റു.
!?
!!


എല്ലാം അവസാനിച്ചു. ആ ഫിലിസ്ത്യർ എന്നെ ജീവനോടെ പിടിക്കാൻ അനുവദിച്ചുകൂടാ.


സാവൂൾ സ്വന്തം വാളിൽ വീണു മരിച്ചു.


സാവൂളിന്റെയും ജോനാഥന്റെയും മരണം ഇസ്രായേലിനെ വീണ്ടും വലിയൊരു പ്രതിസന്ധിയിലെത്തിച്ചു. ഇസ്രായേലിൻറെ നാമംതന്നെ ഈ ഭൂമിയിൽനിന്നു തുടച്ചുമാറ്റപ്പെടുമെന്നു തോന്നി. എന്നാൽ സ്വന്തം ചിതയിൽനിന്നു ഉയിർകൊള്ളുന്ന ഫിനിക്സ് പക്ഷികളെ പ്പോലെ അവർ ഉയിർത്തെഴുന്നേറ്റു. കർത്താവു രാജാവായി അഭിഷേകം ചെയ്ത ഒരാട്ടിടയനാണ് അവരെ നയിച്ചത്.

അടുത്ത ചിത്രകഥ

# ദാവീദ്

# ചോദ്യങ്ങൾ

1. ഇസ്രായേലിലെ ഏത് ഗോത്രത്തിൽപ്പെട്ട ആളാണു സാവൂൾ?
2. സാവൂളിൻറെ ഭരണകാലം ഏത്?
3. ഇസ്രായേൽജനം രാജാവിനെ ആവശ്യപ്പെടാൻ കാരണമെന്ത്?
4. എങ്ങനെയാണ് സാവൂൾ ഇസ്രായേലിൽ രാജാവായത്?
5. ആരായിരുന്നു ഇസ്രായേലിന്റെ മുഖ്യ ശത്രുക്കൾ?
6. സാമുവേൽ എന്തുപദേശമാണു രാജാവായ സാവൂളിനു നൽകിയത്?
7. ആദ്യത്തെ രാജാവ് എന്ന നിലയിൽ എന്തെല്ലാം പ്രതിസന്ധികളാണ് സാവൂൾ നേരിടേണ്ടി വന്നത്?
8. സാവൂൾ ഇസ്രായേൽ രാഷ്ട്രത്തിൻറെ അടിത്തറ പാകി. വിവരിക്കുക.
9. സാവൂളിൻറെ പതനത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക.
10. രക്ഷാചരിത്രത്തിൽ എന്ത് സ്ഥാനമാണ് സാവൂളിനുള്ളത്?


ടയിർ
ഹസോർ
ബാഷാൻ
ഗലീലിതടാകം
മദ്ധ്യധരണ്യാഴി
കർമ്മലമല
യാബെഷ് ഗിലയാദ്
ഷെക്കേം
ഷീലോ
അഫെക്ക്
ജോർദാൻ നദി
അമ്മോൻ
ബെഥേൽ
റാമാ
നോബ്
ഗിൽഗാൽ
അഷ്ദോദ്
ഗിബെയാ
ഗേബാ
ജറുസലെം
അഷ്കലോൺ
ഗത്ത്
മിസാപാ
ബേത്‌ലെഹെം
ചാവുകടൽ
ലാക്കിഷ്
ഹെബ്രോൺ
ഫിലിസ്ത്യ
മൊവാബ്
നെഗെബ്
ഏദോം
പലസ്തീന

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും